**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1671 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കുടുംബാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രമായി നവീകരിക്കുന്ന ആരോഗ്യകേന്ദ്രങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് പുതുതായി ലഭിക്കുന്നത്; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. സാർവ്വത്രികവും, സൗജന്യവും, സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോ കുടുംബത്തിനും നൽകുവാനാണ് പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. നല്ല അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ മാത്രമേ പി.എച്ച്.സി കളിൽ ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ഈ സെന്ററുകളിലെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രം എന്ന തലത്തിലേക്ക് കൊണ്ടു വരുന്നതിലൂടെ അനാവശ്യമായ റഫറലുകൾ ഒഴിവാക്കാനും സാധാരണ ചികിത്സാ സേവനങ്ങൾക്ക് വേണ്ടി സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നതു തടയുവാനുമാകുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജീവിത ശൈലീ രോഗങ്ങളുടെ കണ്ടെത്തലിനും തുടർചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ (ലബോറട്ടറി സംവിധാനങ്ങൾ ഉൾപ്പടെ) ഓരോ കേന്ദ്രത്തിലും |

| | | | |
|---|---|---|---|
| | | | സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഘടന എന്താണ്; | (ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫുകൾക്ക് പുറമേ ഡോക്ടർമാരുടേയും സ്റ്റാഫ് നേഴ്സുമാരുടേയും ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ നടപടികൾ ഏതു ഘട്ടം വരെ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ? | (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് 23 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിന് 7 കോടി രൂപയും 2017-18 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആകെ 680 (170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻ) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളുടെ 'ഗ്യാപ്പ്' അനാലിസിസ്സ് നടത്തി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി എൻ.എച്ച്.എം. വഴി 14 ജില്ലകളിലും നടത്തി വരികയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ